# ആലുവ പോലീസ് സ്റ്റേഷൻ മന്ദിരവും, കമാൻറ് കൺട്രോൾ റൂമും ഉത്ഘാടനം ചെയ്തു



ആലുവ_പോലീസ്_സ്റ്റേഷൻ_ഉദ്ഘാടനം



കൺട്രോൾ_റൂം_കെട്ടിടത്തിൻെറ_ഉദ്ഘാടനം



പോലീസ്_ക്വാർട്ടേഴ്സ്_ഉദ്ഘാടനം

പുതുതായി നിർമ്മിച്ച ആലുവ പോലീസ് സ്റ്റേഷൻ മന്ദിരം കമാൻറ് കൺട്രോൾ റൂം അങ്കമാലിയിലെ ക്വാർട്ടേഴ്സ് എന്നിവയുടെ ഉത്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിലൂടെ നിർവ്വഹിച്ചു. റൂറൽ ജില്ലയിൽ നടന്ന ചടങ്ങിൽ ആലുവ എം.എൽ.എ അൻവർ സാദത്ത്, അങ്കമാലി എം.എൽ.എ റോജി.എം.ജോൺ. ആലുവ മുൻസിപ്പൽ ചെയർമാൻ എം.ഒ. ജോൺ, കൗൺസിലർ സാനിയാ തോമസ്, കൊച്ചി റേഞ്ച് ഐ.ജി കാളിരാജ് മഹേഷ് കുമാർ, ജില്ലാ പോലീസ് മേധാവി കെ.കാർത്തിക്, എ.ഡിഎസ്.പി ഇ.എൻ.സുരേഷ് ഡി.വൈ.എസ്.പി മധുബാബു, കെ.പി.ഒ..എ ജില്ലാ സെക്രട്ടറി ജെ.ഷാജിമോൻ, കെ.പി.എ ജില്ലാ സെക്രട്ടറി എം.വി സനിൽ പ്രസിഡൻറ് എം.എം.അജിത്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

2.52 കോടി രൂപ ചെലവിട്ടാണ് 9850 ചതുരശ്രയടിയിൽ ആധുനികരീതിയിലുള്ള പുതിയ മൂന്നുനില കെട്ടിടം നിർമിച്ചിരിക്കുന്നത്. 2019 ഏപ്രിൽ ആണ് സ്റ്റേഷൻറെ നിർമ്മാണം ആരംഭിച്ചത്. ജയിൽ മുറികൾ ഉൾപ്പെടെ സ്റ്റേഷനും പരിസരവും പൂർണ്ണമായും സിസിടിവി നിരീക്ഷണത്തിൽ ആയിരിക്കും. സ്ത്രീകൾക്കും പുരുഷന്മാർക്കും ട്രാൻസ്ജെൻഡേഴ്സ്സിനും പ്രത്യേകം സെല്ലുകൾ ആലുവ പോലീസ് സ്റ്റേഷനിൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റേഷനിൽ വരുന്ന ഭിന്നശേഷിക്കാർക്ക് പ്രത്യേക സംവിധാനങ്ങളോടുകൂടിയ വിശ്രമ മുറിയും ശൗചാലയവും തയ്യാറാക്കിയിട്ടുണ്ട്. താഴത്തെ നിലയിൽ സ്റ്റേഷനിൽ എത്തുന്നവർക്കുള്ള വിശ്രമമുറി, റിസപ്ഷൻ, സ്റ്റേഷൻ ഹൗസ് ഓഫീസർ.

എസ് ഐ എന്നിവർക്ക് പ്രത്യേകം മുറികൾ എന്നിവ ഒരുക്കിയിട്ടുണ്ട് കൂടാതെ  കാൻറീൻ സൗകര്യങ്ങളും സജ്ജീകരിച്ചിരിക്കുന്നു. മുകളിലത്തെ നിലയിൽ പോലീസുകാർക്കുള്ള വിശ്രമമുറി  സിസിടിവി മോണിറ്ററിംങ്ങ്, സ്റ്റോർ  എന്നിവയും ഉണ്ട്. ഹൈടെക് സ്റ്റേഷനായി ആലുവ മാറുമെന്ന് എസ്.പി കെ. കാർത്തിക് പറഞ്ഞു.

പതിനഞ്ച് കൺട്രോൾ റൂം വാഹനങ്ങളുടെയും, നാല് ഹൈവേ പട്രോൾ വാഹനത്തിൻറെയും രണ്ട് പിങ്ക് പട്രോൾ വാഹനങ്ങളുടെയും നിയന്ത്രണം പുതിയ കൺട്രോൾറൂമിനാണ്. റൂറൽ ജില്ലയിൽ നിന്നും 112 ലേക്ക് വിളിക്കുന്ന കോളുകൾ തിരുവനന്തപുരത്ത് നിന്ന് ഇവിടെയാണ് നടപടിക്കായി എത്തുക. ഇവിടെ നിന്നും കൺട്രോൾ റൂം വാഹനങ്ങളിലേക്ക് ലൊക്കേഷൻ സഹിതം സന്ദേശമെത്തും. റൂറൽ ജില്ലയിലെ സ്റ്റേഷൻ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകളിലെ ദൃശ്യങ്ങൾ ഉടൻ തന്നെ ഇവിടെ ലഭ്യമാകും ഇപ്പോൾ 64 ക്യാമറകളിലെ ദൃശ്യമാണ് ഇവിടെ ലഭിക്കുന്നത് എസ്.പി കാർത്തിക് പറഞ്ഞു. ഒരുകോടി മുപ്പത്തിയൊന്നുലക്ഷം രൂപ ചിലവിൽ 4500 ചതുരശ്ര അടിയിലാണ് ക്വാർട്ടേഴ്സ് പണിതിട്ടുള്ളത്.